പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1419 22. 03. 2013- ലെ മറുപടി

## പ്രവാസികളുടെ പുനരധിവാസം, ചികിത്സ, ഇൻഷ്വറൻസ് പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) വിവിധ വിദേശ രാജ്യങ്ങളിൽ എത്ര കേരളീയർ ജോലി ചെയ്തു വരുന്നു; ആയതു വഴി പ്രതിവർഷം ശരാശരി എത്ര കോടി രൂപ കേരളത്തിലേക്ക് അയയ്ക്കുന്നുണ്ട്; വിശദമാക്കുമോ; | (എ) തിരുവനന്തപുരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡിസ് മുഖാന്തിരം തയ്യാറാക്കിയ കേരള മൈഗ്രേഷൻ മോണിറ്ററിംഗ് സർവ്വേ - 2011 റിപ്പോർട്ട് പ്രകാരം 2011 - ാം ആണ്ടിൽ വിവിധ വിദേശരാജ്യങ്ങളിൽ ജോലി ചെയ്തു വരുന്ന മലയാളികളുടെ എണ്ണം 2280543 ആണ്. ശരാശരി പ്രതിവർഷം പ്രവാസികൾ കേരളത്തിലേക്ക് 50,000 കോടി രൂപയോളം അയക്കുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. |
| (ബി) ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയവരുടെ പുനരധിവാസത്തിന് ക്രിയാത്മകമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കുമോ; | (ബി) വിദേശത്ത് നിന്നും തിരികെ വന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മൂലധന സബ്സിഡി നൽകി ബാങ്കുകൾ മുഖാന്തിരം വായ്പ നൽകുന്നതിനായി പുനരധിവാസ പദ്ധതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് പരമാവധി 10% മൂലധന സബ്സിഡി യാണ് നൽകാൻ തീരുമാനമായിട്ടുള്ളത്. |

| | |
|---|---|
| (സി) പ്രവാസികളുടെ ചികിത്സയ്ക്ക് നിലവിൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ; | (സി) നിലവിൽ സാന്ത്വന, ചെയർമാൻ ഫണ്ട് എന്നീ പദ്ധതികളിലൂടെ പ്രവാസികൾക്ക് നിബന്ധനകൾക്ക് അനുസൃതമായി ചികിത്സാസഹായം നൽകിവരുന്നു. കൂടാതെ പ്രവാസി കേരളീയ ക്ഷേമ പദ്ധതിയിലെ അംഗങ്ങൾക്കും ചികിത്സാസഹായം നൽകിവരുന്നുണ്ട്. |
| (ഡി) പ്രവാസി മലയാളികൾക്ക് അപകട ഇൻഷ്വറൻസും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ഡി) പ്രവാസി മലയാളികൾക്കായുള്ള തിരിച്ചറിയൽ കാർഡ് പദ്ധതി പ്രകാരം 2008 ജൂലൈ മാസം മുതൽ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തു വരുന്നുണ്ട്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലുള്ള പ്രവാസി കേരളീയർക്ക് 2012 ജൂൺ മാസം മുതൽ ഇൻഷ്വറൻസ് കാർഡ് നൽകി വരുന്നുണ്ട്. നാളിതുവരെയായി 1.60 ലക്ഷം പ്രവാസി മലയാളികൾക്ക് തിരിച്ചറിയൽ കാർഡും 5227 മറുനാടൻ മലയാളികൾക്ക് ഇൻഷ്വറൻസ് കാർഡും വിതരണം ചെയ്തിട്ടുണ്ട്. |
| (ഇ) ഏതെല്ലാം പ്രവാസി മലയാളികൾക്കാണ് അപകടഇൻഷ്വറൻസ് പദ്ധതി മുഖേന പ്രയോജനം ലഭിക്കുന്നത്; ഏത് ഏജൻസി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; വ്യക്തമാക്കുമോ? | (ഇ) വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസി തിരിച്ചറിയൽ കാർഡ് ഉടമകൾക്കും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ ഇൻഷ്വറൻസ് കാർഡുടമകൾക്കും സ്ഥിര വൈകല്യങ്ങൾക്ക് 2,00,000/- രൂപയും ഭാഗികമായ വൈകല്യങ്ങൾക്ക് 1,00,000/- രൂപ വരെയും ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നുണ്ട്. ന്യൂ ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ